# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1869 07/12/2015 ൽ മറുപടിയ്ക്ക്

## വീണ്ടും ചികിത്സാ സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ചികിത്സാ സഹായമായി പരമാവധി നൽകുന്ന തുക എത്രയാണെന്നും ഏതെല്ലാം മാനദണ്ഡങ്ങൾ പാലിച്ചാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നതെന്നും വ്യക്തമാക്കാമോ ?<br><br>(ബി) ഗുരുതരമായ പല രോഗങ്ങൾക്കും ചെലവേറിയ ചികിത്സ കൂടുതൽ കാലം വേണമെന്നിരിക്കേ ഒരേ രോഗിയ്ക്ക് ഒന്നിൽ കൂടുതൽ തവണ ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും<br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായമായി ജില്ലാ കളക്ടർമാർ 2000/- രൂപ വരെയും, റവന്യൂ വകുപ്പു മന്ത്രി 5000/- രൂപ വരെയും അനുവദിക്കുന്നു. മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ, മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് 1,00,000/- രൂപ വരെ അനുവദിക്കുന്നു. മന്ത്രിസഭാ യോഗ തീരുമാനത്തിന് വിധേയമായി ഒരു ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദി ക്കാറുണ്ട്.<br><br>ചികിത്സാ സഹായം, അപകടമരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പ്രധാനമായും ധനസഹായം അനുവദിക്കുന്നത്.<br><br>അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000/- (ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.<br><br>ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളൂ.<br><br>ക്യാൻസർ, കിഡ്നി സംബന്ധമായ തുടങ്ങിയ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.<br>ക്യാൻസർ, വൃക്കരോഗം, ഹൃദയരോഗം, ന്യൂറോ സംബന്ധമായ രോഗം, ഹീമോഫീലിയ, എയ്ഡ്സ് എന്നീ ഗുരുതര രോഗങ്ങൾക്ക് 10,000/- രൂപവരെ അനുവദിക്കുന്നു.<br><br>അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർ, മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിന് അപേക്ഷിക്കേണ്ടതാണ്.<br><br>തീപിടുത്തം മൂലം വാസഗൃഹങ്ങൾക്കും, ചെറുകിട വ്യാപാരസ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും 10000/- രൂപ വരെയും അനുവദിക്കുന്നു. |

വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടംപോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നതാണ്.

| | | | |
|---|---|---|---|
| (സി) | ഇപ്രകാരമുള്ള രോഗികൾക്ക് ആദ്യം ചെറിയൊരു തുക സഹായമായി ലഭിച്ചു എന്ന കാരണത്താൽ വീണ്ടും സഹായ ധനം നൽകേണ്ടതില്ല എന്ന നിർദ്ദേശം റവന്യൂ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ? എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | നല്കിയിട്ടില്ല. |
| (ഡി) | ആദ്യം ചെറിയൊരു തുക സഹായമായി ലഭിച്ച രോഗികൾക്ക് വീണ്ടും അപേക്ഷിച്ചതിൻ പ്രകാരം അനുവദിച്ച സഹായ ധനം ചേർത്തല താലൂക്ക് ഓഫീസ് വഴി നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റ് ജില്ലകളിൽ ഒരേ രോഗിക്ക് പലപ്പോഴായി പതിനായിരം രൂപയോ അതിലധികമോ നൽകുമ്പോൾ ഇവിടെ മാത്രം ഇപ്രകാരം നിലപാടെടുക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; രോഗികൾക്ക് ബുദ്ധിമുട്ടാകുന്ന തരത്തിലുള്ള ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ